"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.LSGD-DB2/286/2023

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-07-2024

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്- പതിനഞ്ചാം നിയമസഭ- എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 23- ലെ ശിപാർശ -വിനോദസഞ്ചാരത്തിന് പ്രാധാന്യമുള്ള പ്രദേശങ്ങളിലേക്കുള്ള റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി -സംബന്ധിച്ച്:-

സൂചന:- തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 06.05.2024-ലെ LSGD/PD/17245/2024-DB1 -നമ്പർ കത്ത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുമരാമത്ത് വകുപ്പും വിനോദസഞ്ചാരത്തിന് പ്രാധാന്യമുള്ള പ്രദേശങ്ങളിലേക്കുള്ള റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പതിനഞ്ചാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 23-പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2) തദ്ദേശ സ്വയംഭരണവകുപ്പിൽ പദ്ധതികൾ തെരഞ്ഞെടുത്ത് നിർവഹണത്തിനായി നിർദ്ദേശം നൽകുന്നത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയാണെന്നും നേരിട്ട് ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഇപ്രകാരം നിർദേശിക്കുന്ന പ്രവൃത്തികളുടെ നിർവഹണം മാത്രമാണ് എഞ്ചിനീയറിങ് വിഭാഗം ചെയ്യുന്നതെന്നും അതിനാൽ വാർഷിക പദ്ധതിയിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണത്തിനും നവീകരണത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ പരിഗണന നൽകണമെന്നും കൂടാതെ എം.എൽ.എ മാർ ഫണ്ടുകൾ ഇത്തരം പ്രവൃത്തികൾക്കായി കൂടുതൽ വിനിയോഗിക്കണമെന്ന നിർദ്ദേശം നൽകുന്നത് ഉചിതമായിരിക്കുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സംസ്ഥാനത്തിന്റെ ഒരു പ്രധാന വരുമാന സ്രോതസ്സായി ടൂറിസം മേഖലയെ വളർത്തേണ്ടതുള്ളതിനാലും അതിനുള്ള വിശാലമായ സാദ്ധ്യതകൾക്കുള്ള ഉപാധിയായി ടൂറിസം മേഖലകളിലേക്കുള്ള റോഡ് സൗകര്യം ഉറപ്പാക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണത്തിനും നവീകരണത്തിനും മുൻഗണന നൽകണമെന്നും, ബഹു.എം.പി.മാർ / എം.എൽ.എ. മാർ എന്നിവരുടെ ഫണ്ടുകൾ മുഖാന്തരം ചെയ്യുന്ന പ്രവൃത്തികളിലും ഇപ്രകാരം കൂടുതൽ പരിഗണന നൽകണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദേശിക്കുന്നു .

LEENA N P
ADDITIONAL SECRETARY

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്,

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ് മുഖാന്തരം )

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ

Signed by
Smitha. L
Date: 26-07-2024 18:01:55